## 11 സോഫ്റ്റ് ബോൾ ദേശീയ ഗെയിംസ് ഇനമാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2014-15-ൽ നടക്കാനിരിക്കുന്ന ദേശീയ ഗെയിംസിൽ സോഫ്റ്റ് ബോളിനെ ഒരു പ്രത്യേക ഇനമായി ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. സോഫ്റ്റ് ബോൾ അസോസിയേഷനെ സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അംഗമായി ചേർത്തിട്ടുണ്ട്. നാഷണൽ ലെവലിൽ പലപ്പോഴും കേരളത്തിൽ നിന്നുള്ള പുരുഷ-വനിതാ ടീമുകൾക്ക് ഈയിനത്തിൽ സമ്മാനം കിട്ടുന്ന ഒരു സാഹചര്യവുമുണ്ടായിട്ടുണ്ട്. ഏഷ്യൻ ഗെയിംസിലും ഒളിമ്പിക് അസോസിയേഷൻ സോഫ്റ്റ്ബോളിനെ ഒരു പ്രത്യേക ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആതിഥേയ സംസ്ഥാനം എന്ന നിലയിൽ നമുക്ക് രണ്ടിനങ്ങൾ ഉൾപ്പെടുത്തുവാനുള്ള അവസരമുണ്ട്. അതിനകത്ത് സോഫ്റ്റ് ബോൾകൂടി പ്രത്യേക ഇനമായി ഈ സാഹചര്യത്തിൽ ചേർക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. നമ്മുടെ സംസ്ഥാനത്തിന് മെഡൽ കിട്ടാനുള്ള സാഹചര്യവുമുണ്ട് എന്നുള്ള കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ ആശയം കൊള്ളാം. പക്ഷേ പ്രശ്നം, അതിന്റെ സമയം കുറച്ച് ലേറ്റായിപ്പോയി. ദേശീയ ഗെയിംസിന്റെ മത്സരയിനങ്ങൾ തീരുമാനിക്കുന്നത് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ്. ഇത് 2009-ൽ തീരുമാനിച്ച്, പ്രവർത്തനങ്ങൾ നടന്നു വന്ന്, ഹാഗ് എൻഡിൽ വന്നുനിൽക്കുകയാണ്. അങ്ങ് സൂചിപ്പിച്ചകൂട്ടത്തിൽ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുകയാണ്. 26-ാം തീയതി ഇവിടെ മെസേഴ്സ് ഹോട്ടലിൽവച്ച് ദേശീയ ഗെയിംസിന്റെ ഡേറ്റ് അനൗൺസ് ചെയ്യുകയാണ്. ദീർഘകാലമായി നമ്മൾ കാത്തിരുന്നതാണ്. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ് ഈ ഡേറ്റ് അനൗൺസ് ചെയ്യുന്നതിനുള്ള അവകാശം. അതോടൊപ്പം കേന്ദ്ര സ്പോർട്സ് വകുപ്പുമന്ത്രിയും ഈ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, കക്ഷി നേതാക്കൾ എന്നിവരെല്ലാം ഈ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ടുള്ള ഒരു സംരംഭത്തിനുള്ള തുടക്കമാണ് 26-ാം തീയതി മെസേഴ്സ് ഹോട്ടലിൽവച്ച് വൈകുന്നേരം 5.30-ന് നടക്കുന്നത്. അതിനുള്ള ക്രമീകരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനത്തിന്റെ അവസാനത്തിലെത്തിയതുകൊണ്ട് ഇനിയിപ്പോൾ സോഫ്റ്റ് ബോളിനെക്കൂടി ഉൾപ്പെടുത്താൻ കഴിയില്ല. 34 ഇനങ്ങളാണ് ഗെയിംസിൽ ഫിക്സ് ചെയ്തിട്ടുള്ളത്, 2 പ്രദർശനയിനങ്ങളുമുണ്ട്. അങ്ങനെ 36 ഇനങ്ങളിലായി എല്ലാ പ്രവർത്തനങ്ങളും കേന്ദ്രീകരിച്ചു. അതിനാവശ്യമായ സ്റ്റേഡിയങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 9 ജില്ലകളിൽ ഇതിന്റെ പ്രവർത്തനം നടക്കുകയാണ്. ഓരോ സ്റ്റേഡിയങ്ങളിലെയും 80-85% വരെയുള്ള വർക്കുകൾ പ്രോഗ്രസ് ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ സോഫ്റ്റ് ബോളിനെക്കൂടി ചേർക്കണമെന്ന് പറയുമ്പോൾ പ്രായോഗികമായ ബുദ്ധിമുട്ട് വരികയാണ്. മാത്രമല്ല, ഇതിന്റെ അവസാനത്തെ തീരുമാനമെടുക്കുന്നത് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ : സർ, എങ്കിലും ഒന്ന് ശ്രമിച്ചുകൂടേ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ശ്രമിക്കാം എന്നുപറഞ്ഞാൽ ഒരു വാക്ക് മാത്രമായി നിൽക്കും. പക്ഷേ അത് പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണ്. നമുക്കെല്ലാവർക്കുംകൂടി നാഷണൽ ഗെയിംസ് വിജയിപ്പിച്ച് കേരളത്തിന് കൂടുതൽ മെഡൽ നേടുന്നതിനുള്ള ഒരു നടപടിയിലേക്ക് പോകാം. ടീമിനെ സെലക്ട് ചെയ്യുന്നതിനുള്ള ക്യാമ്പ് തുടങ്ങുകയാണ്. ജൂലൈ മാസത്തിൽ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിലുള്ള ക്യാമ്പ് തുടങ്ങുകയാണ്. എല്ലാ ക്രമീകരണങ്ങളുമായി, ഫാഗ് എൻഡിൽ വന്ന് നിൽക്കുകയാണ്. അങ്ങനെയുള്ള സാഹചര്യമാണുള്ളത്. അങ്ങ് പറഞ്ഞ ആശയം കൊള്ളാം. എങ്കിലും കേരളത്തിന്റെ അഭിപ്രായമായി ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനെ അറിയിക്കും. അടുത്ത പ്രാവശ്യത്തേയ്ക്കെങ്കിലും സോഫ്റ്റ്ബോളിനെ ഉൾക്കൊള്ളിക്കണമെന്നുള്ള കേരളത്തിന്റെ അഭിപ്രായം ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനെ അറിയിക്കുന്നതാണ്.

## 12 റോഡുകളിൽ നിരീക്ഷണ ക്യാമറകൾ

ശ്രീ. സി. എഫ്. തോമസ് : സർ, വാഹനങ്ങളുടെ അമിതവേഗതയും റോഡ് നിയമങ്ങളുടെ ലംഘനങ്ങളുമാണ് വാഹനാപകടങ്ങളിലെ പ്രധാനപ്പെട്ട കാരണമായി കാണുന്നത്. വാഹനാപകടങ്ങൾ തടയുന്നതിന് റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയെന്നതാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. നിരീക്ഷണ ക്യാമറകൾ ഇപ്പോൾ കുറെ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രധാനപ്പെട്ട പാതകളിലും ജംഗ്ഷനുകളിലും ഇനിയും സ്ഥാപിക്കാനുണ്ട്. പേരിനുമാത്രമാണ് ചില സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. വാഹനാപകടങ്ങൾ പരമാവധി കുറയ്ക്കാൻ റോഡുകൾ, ജംഗ്ഷനുകൾ ഉൾപ്പെടെ കൂടുതൽ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയാണ് Automation of enforcement wing project. റോഡപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ചുകൊണ്ട് ഈ സ്ഥലങ്ങളിൽ 24X7 നിരീക്ഷിക്കുകയും നിയമലംഘകരെ കണ്ടെത്തി അവർക്കെതിരെ പിഴ ചുമത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്നുള്ളതാണ് ഈ പദ്ധതികൊണ്ട് വിഭാവന ചെയ്യുന്നത്. ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ കാര്യക്ഷമമാക്കിയാൽ നിയമലംഘനവും അപകടങ്ങളും കുറയ്ക്കാൻ കഴിയുമെന്ന് കണക്കാക്കുന്നു. ഈ പദ്ധതി രണ്ട് ഘട്ടമായാണ് നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരത്ത് ടെക്നോപാർക്ക്, ഓവർബ്രിഡ്ജ്, കവടിയാർ ജംഗ്ഷൻ ഉൾപ്പെടെയുള്ള മൂന്ന് സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. രണ്ടാംഘട്ടത്തിൽ തിരുവനന്തപുരത്ത് രണ്ട് സ്ഥലങ്ങളിലും കോഴിക്കോടും എറണാകുളത്തും അഞ്ച് സ്ഥലങ്ങളിലും ഈ പദ്ധതി പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly